# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.172 (a)/2025** **തിരുവനന്തപുരം, തീയതി: 04.08.2025**

## പത്രക്കുറിപ്പ്

### "ഭാഷയ്ക്കൊരു ഡോളർ - 2025" പുരസ്കാരങ്ങൾ സമർപ്പിച്ചു

അമേരിക്കൻ മലയാളിസംഘടനകളുടെ കൂട്ടായ്മയായ 'ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക' (ഫൊക്കാന) യുടെ 'ഭാഷയ്ക്കൊരു ഡോളർ' എന്ന മാതൃഭാഷയെ ആദരിക്കൽ പദ്ധതിയുമായി സഹകരിച്ച് കേരള സർവകലാശാല ഏർപ്പെടുത്തിയ 2023 ലെ മികച്ച മലയാള ഗവേഷണ പ്രബന്ധമായി ബിന്ദു ജോണിന്റെ 'നളചരിതം ആട്ടക്കഥ – ഒരു മനോവിജ്ഞാനീയപഠനം' എന്ന പ്രബന്ധവും, 2024 ലെ മികച്ച മലയാള ഗവേഷണ പ്രബന്ധമായി ഇന്ദുലേഖ കെ.എസ്. ന്റെ 'ശില്പകലയും സംസ്കാരചരിത്രവും: കേരളത്തിലെ മാതൃകകൾ മുൻനിർത്തിയുള്ള പഠനം' എന്ന പ്രബന്ധവും അർഹമായി.

50,000 (അമ്പതിനായിരം) രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. പ്രബന്ധം സർവകലാശാല പ്രകാശനവിഭാഗം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കും. കേരളത്തിലെ എല്ലാ സർവകലാശാലകളിൽ നിന്നും അയച്ചുകിട്ടിയ ഗവേഷണ പ്രബന്ധങ്ങളിൽ നിന്നാണ് പുരസ്കാരം കിട്ടിയ പ്രബന്ധങ്ങൾ തെരഞ്ഞെടുത്തത്.

(ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**